"ഭരണഭാഷ - മാതൃഭാഷാ"

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ നടപടി

വിഷയം :- ഡയറക്ട്രേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് - ജീവനക്കാര്യം -സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവസ്റ്റിഗേറ്റർ ഗ്രേഡ് I / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികകളിൽ സ്ഥാനക്കയറ്റം വഴി നിയമനങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു .

പരാമർശം:- 1) ഈ ആഫീസിലെ 25/06/2014 ലെ ഇതേ നമ്പർ ഉത്തരവ്.
2) ഈ ആഫീസിലെ 29/05/2013ലെ ഗ്രഡേഷൻസെൽ15139/2012/ഡിഇഎസ് നമ്പർ ഉത്തരവ്.
4) 20/02/2009 ലെ ജി.ഒ.(പി) നം : 09/2009/പ്ളാനിംഗ് നമ്പർ സർക്കാർ ഉത്തരവ്.
5) 26/02/2011 ലെ ജി.ഒ.(പി) നം : 85/2011/ഫിൻ നമ്പർ സർക്കാർ ഉത്തരവ്
6) ജിഒ(ആർടി)1797/2014/LSGD തീയതി 11/07/2014
7) ജിഒ(ആർടി)1814/2014/LSGD തീയതി 15/07/2014

**ഉത്തരവ് നമ്പർ ഇഎ (1) 2014/2014/ഡിഇഎസ് തീയതി : 19.07.2014**

പരാമർശം (4) പ്രകാരം ഉത്തരവായ സെപ്ഷ്യൽ റൂൾസിൽ കാറ്റഗറി 4 (സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവസ്റ്റിഗേറ്റർ ഗ്രേഡ് II / കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് II ) തസ്തികയിൽ നിന്നും കാറ്റഗറി 3 ( സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവസ്റ്റിഗേറ്റർ ഗ്രേഡ് I / കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് I / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ ) തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കണമെങ്കിൽ അക്കൗണ്ട് ടെസ്റ്റ് പാസാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടായിരിന്നു.

ഒഴിവുള്ള സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവസ്റ്റിഗേറ്റർ ഗ്രേഡ് I / കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് I / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികകളിലേക്ക് സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവസ്റ്റിഗേറ്റർ ഗ്രേഡ് II / കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് II തസ്തികകളിൽ ജോലി ചെയ്യുന്നവരിൽ സീനിയറായിട്ടുള്ള താഴെ പറയുന്നവരെ പരാമർശം (5) പ്രകാരം 13900- 360 - 14980 - 400 - 16980 - 440 - 18740 - 500 - 21240 - 560 - 24040 /- രൂപ ശമ്പള നിരക്കിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / ഇൻവസ്റ്റിഗേറ്റർ ഗ്രേഡ് I / കമ്പ്യൂട്ടർ ഓപ്പറേറ്റർ ഗ്രേഡ് I / ജൂനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ തസ്തികകളിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധം ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

അക്കൗണ്ട് ടെസ്റ്റ് പാസാകാത്ത പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് താൽകാലിക ഉദ്യോഗക്കയറ്റമാണ് നൽകിയിട്ടുള്ളത്. പട്ടിക ജാതി / പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് നിയമാനുസൃതമായി ഇളവ് അനുവദിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ ടെസ്റ്റ് പാസായില്ലെങ്കിൽ തരം താഴ്ത്തപ്പെടുന്നതാണ്.

| ക്രമ നമ്പർ | പേരും നിലവിലെ ഓഫീസും | ഉദ്യോഗക്കയറ്റം നൽകി നിയമിച്ച ഓഫീസ് |
|---|---|---|
| 1 | ശ്രീ അജിത്കുമാർ കെ<br>സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II<br>വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ആഫീസ് കോഴിക്കോട് | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I<br>കോഓപ്പറേറ്റീവ് രജിസ്ട്രാർ ഓഫീസ് തിരുവനന്തപുരം<br>(ശ്രീമതി റസിയ കെ കെ ഡെപ്യൂട്ടേഷനിൽ പോയ ഒഴിവ്) |

| | | |
|---|---|---|
| 2 | ശ്രീ ജയേഷ് ഡേവിഡ്<br>സ്റ്റാറ്റിസ്റ്റിക്കൽ ഇൻവസ്റ്റിഗേറ്റർ ഗ്രേഡ് II ഇക്കണോമിക്സ് . ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ജില്ലാ ഓഫീസ്, ആലപ്പുഴ | സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I ഡയറക്ട്രേറ്റ് ഓഫ് കൈത്തറി ആന്റ് ടെക്സ്റ്റയിൽസ് , തിരുവനന്തപുരം (ശ്രീമതി ഗീത പി വി ഡെപ്യൂട്ടേഷനിൽ പോയ ഒഴിവ്) |

ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീ അജിത്കുമാർ കെ യുടെ സീനിയോറിറ്റി 13.02.2013 ലെ ഇഎ(1)2012/2012/ഡിഇഎസ് നമ്പർ ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീ രജനീഷ് കെ യുടെ താഴെയായും (ക്രമ നം 38) 03.06.2013 ലെ ഇഎ(1)2013/2013/ഡിഇഎസ് നമ്പർ ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീമതി സറീന കെ ടി യുടെ (ക്രമ നം 01) മുകളിലായും ം ശ്രീ ജയേഷ് ഡേവിഡിന്റെ സീനിയോറിറ്റി 25.06.2014 ലെ ഇഎ(1)2014/2014/ഡിഇഎസ് നമ്പർ ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീമതി വിദ്യ യു ബി യുടെ താഴെയായും പുനസ്ഥാപിച്ചിരിക്കുന്നു

സ്ഥാനക്കയറ്റം വഴി നിയമനം നൽകിയ ഉദ്യോഗസ്ഥരെ ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിലോ, പകരം ജീവനക്കാർ ജോലിക്ക് ഹാജരാകുകയോ ഏതാണോ ആദ്യം എന്ന മുറയ്ക്ക് വിടുതൽ ചെയ്യേണ്ടതും വിടുതൽ ചെയ്യുന്നതും / ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

ഉദ്യോഗക്കയറ്റ തസ്തികയിലെ ശമ്പള നിർണയവുമായി ബന്ധപ്പെട്ട ഓപ്ഷൻ പരാമർശം (5) സർക്കാർ ഉത്തരവിലെ ഖണ്ഡിക 41 പ്രകാരം ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

**ഒപ്പ്**
**ഐ.എസ്.സുഭാഷ്ചന്ദ്രബോസ്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് ( നിയന്ത്രണാധികാരി മുഖേന )

പകർപ്പ് :

1) രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ ഓഫീസ്, തിരുവനന്തപുരം (ഉ.പ. സഹിതം)
2) ഡയറക്ടർ, കൈത്തറി ആന്റ് ടെക്സ്റ്റയിൽസ് വകുപ്പ്, തിരുവനന്തപുരം (ഉ.പ. സഹിതം)
3) ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ആലപ്പുഴ/ കോഴിക്കോട്
4) വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ " കോഴിക്കോട്
5) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ ഡിവിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6) എല്ലാ അഡീഷണൽ ഡയറക്ടർമാർക്കും
7) എല്ലാ എഎമാർക്കും / സിഎമാർക്കും
8) ഗ്രഡേഷൻ സെൽ/അക്കൗണ്ട്സ്/ഇഎ(4) സെക്ഷൻ/വിജിലൻസ് സെക്ഷൻ
9) ഫയൽ / കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

Padmavathi Amma

**സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (അഡ്മിനിസ്ട്രേഷൻ)**